(എഫ്) ഈ പദ്ധതിയുടെ പൊതുവായ നിബന്ധനകളിൽ റോഡിന്റെ വീതി ആറു മീറ്ററായി കുറയ്ക്കുന്ന ഉത്തരവുകളൊന്നും കേന്ദ്ര സർക്കാർ നൽകിയിട്ടില്ല. എന്നാൽ പ്രത്യേക കേസുകളിൽ ഇളവ് അനുവദിക്കുന്നുണ്ട്.

കേരംസിന്റെ വിപണന കേന്ദ്രങ്ങൾ

165 [5310] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗ്രാമവികസന വകുപ്പിന്റെ വിപണന വിഭാഗമായ കേരള റൂറൽ ഡെവലപ്പ്മെന്റ് ആന്റ് മാർക്കറ്റിംഗ് സൊസൈറ്റി (കേരംസ്) യുടെ ചുമതലയിൽ എത്ര വിപണന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ കൂടിയുള്ള കഴിഞ്ഞ വർഷത്തെ വിറ്റുവരവ് എത്ര യാണെന്ന് വ്യക്തമാക്കുമോ;

(സി) എല്ലാ ജില്ലയിലെയും പ്രധാന മേഖലകളിൽ വിപണന കേന്ദ്രങ്ങൾ തുടങ്ങുന്ന തിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇടുക്കി ജില്ലയിൽ ഏവിടെയൊക്കെയാണ് പുതിയ വിപണന കേന്ദ്രങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) രണ്ട് വിപണന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു (തിരുവനന്തപുരത്തും, എറണാകുളത്തും).

(ബി) കഴിഞ്ഞ വർഷത്തെ വിറ്റുവരവ് 52.52 ലക്ഷം രൂപ.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) വണ്ടിപെരിയാറിൽ ജില്ലാ സപ്ലൈ ആന്റ് മാർക്കറ്റിംഗ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഒരു വിപണന കേന്ദ്രം തുടങ്ങിയിട്ടുണ്ട്.

500-ൽ കൂടുതൽ ജനവാസമുള്ള സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള റോഡുകൾ

166 [T5311] ശ്രീ. അടൂർ പ്രകാശ്:
,, വി. ജെ. ജോയി:
,, വി. ജെ. പൗലോസ്:
,, എ. വി. അനിൽകുമാർ:
,, ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാം പദ്ധതിയുടെ പ്രാരംഭത്തിൽ 500-ൽ കൂടുതൽ ജനവാസമുള്ള സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള എത്ര കിലോമീറ്റർ റോഡുണ്ടായിരുന്നു;

(ബി) പ്രസ്തുത പദ്ധതിക്കാലത്ത് ഇത്തരത്തിലുള്ള എത്ര കിലോമീറ്റർ റോഡുകൾ നിർമ്മിക്കുവാനാണ് ഉദ്ദേശിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly